# ജോബ് മാർ പീലക്സിനോസ് മെമ്മോറിയൽ എൻഡോവ്മെന്റ് ആൻഡ് എഡ്യൂക്കേഷണൽ അവാർഡ്



മലങ്കര ഓർത്തഡോക്സ് സഭയുടെ ഡൽഹി ഭദ്രാസനാധിപനും, പ്രഗത്ഭനായ അദ്ധ്യാപകനും, ആംഗ്ലേയ ഭാഷാപണ്ഡിതനുമായ കാലംചെയ്ത അഭിവന്ദ്യ ജോബ് മാർ പീലക്സിനോസ്സ് തിരുമേനിയുടെ പാവന സ്മരണക്കായി മരുഭൂമിയിലെ പരുമലയായി അറിയപ്പെടുന്ന ഷാർജ സെയ്ൻറ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക 2012 മുതൽ "ജോബ് മാർ പീലക്സിനോസ് മെമ്മോറിയൽ എൻഡോവ്മെൻറ് ആൻഡ് എഡ്യൂക്കേഷണൽ അവാർഡിൻെറ" 2014–ലെ ജേതാക്കളെ പ്രഖ്യാപിച്ചു.

യു.എ.ഇ-യിലെ ഓർത്തഡോക്സ് ഇടവകകളിൽ അംഗത്വമുള്ള മാതാപിതാക്കളുടെ, യു.എ.ഇ- ലൊ ഇൻഡ്യയിലൊ പഠിച്ച് പത്താം ക്ലാസ്സ് (ICSE, CBSE, KERALA എന്നീ സിലബസ്സുകളുടെ) ബോർഡ് പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്കു/ഗ്രേഡ് വാങ്ങി ജയിക്കുന്ന, ഓരോ സിലബസ്സിലും ഒരാൾക്കുവീതം മൂന്നു പേർക്കാണ് അവാർഡ് നൽകുന്നത്. എന്നാൽ, ഈ വർഷം CBSE-ക്കും SSLCക്കും രണ്ടുപേർ തുല്ല്യനിലയിൽ എത്തിയ പ്രത്യേക സാഹചര്യത്തിൽ രണ്ടു പേരെയും സംയുക്ത ജേതാക്കളായി പ്രഖ്യാപിച്ചിരിക്കുകയാണ്. 2014–ലെ അവാർഡിന് താഴെ പറയുന്നവർ അർഹരായി.



ഐറിൻ ആൻ രാജൻ

(1) CBSE വിഭാഗത്തിൽ, (a) ഷാർജ ഔവർ ഓൺ ഇംഗ്ളീഷ് ഹൈസ്ക്കൂളിൽ പഠിച്ച, മാവേലിക്കര ഭദ്രാസനത്തിൽ, പത്തിച്ചിറ സെയ്ൻറ് ജോൺസ് ഓർത്ത ഡോക്സ് ഇടവക അംഗവും, യുഎഇ-ൽ ഷാർജ സെയ്ൻറ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയിൽ കൂടി നടക്കുന്നതുമായ, ചെട്ടികുളങ്ങര കടുവിനാൽ പടീറ്റതിൽ ശ്രീ. രാജൻ ഗീവർ ഗീസ്സിൻെറയും [R-026] ശ്രീമതി സുമ രാജൻെറയും മകളുമായ കുമാരി ഐറിൻ ആൻ രാജൻ



ഡാൻ മാത്യൂസ് റോബിൻ

(b) ദുബായ് ഗൾഫ് ഇൻഡ്യൻ ഹൈസ്ക്കൂളിൽ പഠിച്ച, നിരണം ഭദ്രാസനത്തിൽ, ഇരവിപേരൂർ സെയ്ൻറ് തോമസ് ഓർത്തഡോക്സ് ഇടവക അംഗവും, യുഎഇ–ൽ ഷാർജ സെയ്ൻറ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയിൽ കൂടി നടക്കുന്നതുമായ, ഇരവിപേരൂർ തൈക്കൂട ത്തിൽ ശ്രീ. റ്റി. റോബിൻ മാത്യൂസ്സിൻെറയും [R-041] ശ്രീമതി റീനാ എലിസബേത്ത് റോബിൻെറയും മകനുമായ മാസ്റ്റർ ഡാൻ മാത്യൂസ് റോബിൻ



ഹന്നാ മറിയം ജോൺ

(2) SSLC വിഭാഗത്തിൽ, (a) മല്ലപ്പള്ളി സെയ്ൻറ് തെരേസാസ് ബഥനി കോൺവെൻറ് ഹയർ സെക്കൻററി സ്ക്കൂളിൽ പഠിച്ച, നിരണം ഭദ്രാസനത്തിൽ, ചെങ്ങരൂർ, സെയ്ൻറ് ജോർജ് ഓർത്ത ഡോക്സ് സിറിയൻ ഇടവക അംഗവും, യുഎഇ–ൽ ഷാർജ സെയ്ൻറ് ഗ്രീഗോറിയോസ് ഓർത്ത ഡോക്സ് ഇടവകയിൽ കൂടിനടക്കുന്നതുമായ, മല്ലപ്പള്ളി, ചെങ്ങരൂർ, നെടുംമ്പള്ളിൽ ശ്രീ. എൻ. ജെ. യോഹന്നാൻേറയും [Y-025] ശ്രീമതി റെയ്ച്ചൽ യോഹന്നാൻെറയും മകളുമായ കുമാരി ഹന്നാ മറിയം ജോൺ



റ്റി. ആർ. ആക്ഷയ്

(b) നിലമ്പൂർ ലിറ്റിൽ ഫ്ളവർ ഇംഗ്ളീഷ് ഹയർ സെക്കൻററി സ്ക്കൂളിൽ പഠിച്ച, മലബാർ ഭദ്രാസനത്തിൽ, കരുളായി, സെയ്ൻറ് ജോർജ് ഓർത്തഡോക്സ് ഇടവക അംഗവും, യുഎഇ–ൽ ഷാർജ സെയ്ൻറ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയിൽ കൂടിനടക്കുന്നതുമായ, മലപ്പുറം, കരുളായി, തുണ്ടിയിൽ വീട്ടിൽ ശ്രീ. റജി ജോസഫിൻെറയും [R-172] ശ്രീമതി മിനി റ്റി. റജിയുടെയും മകനുമായ മാസ്റ്റർ റ്റി. ആർ. ആക്ഷയ്



ഹന്നാ റെയ്ച്ചൽ ജോർജ്ജ്

(3) ICSE വിഭാഗത്തിൽ, ദുബായ് ജെംസ് മോഡേൺ അക്കാഡമിയിൽ പഠിച്ച, തിരുവനന്തപുരം ഭദ്രാസനത്തിൽ, നാലാംഞ്ചിറ സെയ്ൻറ് മേരീസ് ഓർത്തഡോക്സ് ഇടവക അംഗവും യുഎഇ–ൽ ഷാർജ സെയ്ൻറ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയിൽ കൂടിനടക്കുന്നതുമായ, നാലാംഞ്ചിറ എം. എൻ ലൈനിൽ, ഹൗസ് നംമ്പർ 25ൽ, ശ്രീ. ബിജു ജോർജിൻേറയും [B-023] ശ്രീമതി ആനി ബിജു ജോർജിൻേറയും മകളുമായ കുമാരി ഹന്നാ റെയ്ച്ചൽ ജോർജ്.

2014 നവംബർ മാസം 21–ാം തീയതി വെള്ളിയാഴ്ച വി. കുർബ്ബാനാനന്തരം നടക്കുന്ന ചടങ്ങിൽ വച്ച് അവാർഡ്ദാനം നിർവ്വഹിക്കും. ഷാർജ ഇടവകയുടെ എല്ലാവിധ അഭിനന്ദനങ്ങളും ജേതാക്കളെ അറിയിക്കുന്നതോടൊപ്പം, പഠിച്ചു കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രചോദനവും ആകട്ടെയെന്ന് ആശംസിക്കുന്നു